"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ഡോ.വി.ബാലകൃഷ്ണന്റെ (PEN 143299) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ മെമ്പർ സെക്രട്ടറി തസ്തികയിലുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.95/2025/ENVT തീയതി,തിരുവനന്തപുരം, 18-09-2025

---

പരാമർശം:
1. സ.ഉ.(സാധാ)നം.46/2023/പരി. തീയതി 05-07-2023
2. സ.ഉ.(സാധാ)നം.72/2024/പരി. തീയതി 09-09-2024
3. സംസ്ഥാന പോലീസ് മേധാവിയുടെ 15.08.2025-ലെ എ8/138133/2025/PHQ നമ്പർ കത്ത്.
4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാന്റെ 11.07.2025-ലെ എ2/77/2023/കെ.എസ്.ബി.ബി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ഡോ.വി.ബാലകൃഷ്ണനെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ഒഴിവുള്ള മെമ്പർ സെക്രട്ടറി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഒരു വർഷം കൂടി കാലാവധി പരാമർശം (2) പ്രകാരം നീട്ടി നൽകുകയുണ്ടായി. ടിയാന്റെ അന്യത്ര സേവന കാലാവധി 03-09-2025-ന് അവസാനിക്കുന്നതിനാൽ, 04-09-2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം കത്ത് (4) പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ആവശ്യപ്പെട്ടിരുന്നു. അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിൽ ടിയാളുടെ മാതൃവകുപ്പിന് എതിർപ്പില്ല എന്ന് പരാമർശം കത്ത് (3) പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ഡോ.വി.ബാലകൃഷ്ണന്റെ

**(PEN 143299)** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ മെമ്പർ സെക്രട്ടറി തസ്തികയിലുള്ള അന്യത്ര സേവന കാലാവധി **04-09-2025** മുതൽ ഒരു വർഷത്തേക്കോ/റഗുലർ നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ദീർഘിപ്പിക്കുന്നതിന് നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. സംസ്ഥാന പോലീസ് മേധാവി, കേരള പോലീസ് വകുപ്പ്
3. ഡോ.വി.ബാലകൃഷ്ണൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, കേരള പോലീസ് വകുപ്പ് (സംസ്ഥാന പോലീസ് മേധാവി മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള
5. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/141/2025-ENVT)

ഉത്തരവിൻ പ്രകാരം
Signed by
Royi J
Date: 19-09-2025 14:43:04
സെക്ഷൻ ഓഫീസർ